6. MR. PULIYOOR T P. VELAYUDHAN PILLAI :

"I move that the business of the House be adjourned for the purpose of discussing a definite matter of urgent public importance, namely, the serious situation brought about in the country as the result of the press note dated 8th January 1943 prohibiting all private sales of paddy and rice and all movements of paddy and rice within the State except when authorised by permits issued for the purpose."

7. MR. N. NARAYANA KURUP :

"I beg leave to move that the business of this House be adjourned for discussing a definite matter of urgent public importance, namely, the difficulties, the loss and consequent unrest and panic created among the agriculturists of the State by the recent orders of the Government in regard to the compulsory cultivation of fields in Kuttanad, the purchase of paddy, submission of statements, transport of paddy, stocking and prohibition of private sale of paddy in toto etc."

MR. N. NARAYANA KURUP: Sir, I wish to make a Statement before withdrawing my motion.

ദിവാൻ പ്രസിഡൻറ് അവർകളുടെ ഒന്നരമണിക്കൂർ നേരത്തെ പ്രസംഗത്തിനുശേഷവും എന്തുദ്ദേശത്തോടുകൂടിയാണ് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കുവാൻ ഞാൻ ഉദ്യുക്തനായതെന്നുള്ളതിനെപ്പറ്റി രണ്ടു വാക്കു പറയാതിരിക്കുന്നതു് ഒരു കൃത്യവിലോപമായിരിക്കും. മകരമാസക്കാലങ്ങളിൽ കുട്ടനാടൻ പ്രദേശങ്ങൾ കൃഷി ചെയ്യുവാൻ നിർബന്ധിക്കുന്നതുകൊണ്ടു് വലിയ ബുദ്ധിമുട്ടുണ്ടു്. ഏകദേശം ഏഴുലക്ഷപ്പറ നിലത്തോളം അവിടെ ആണ്ടുതോറും പുഴനിലമാക്കി ഇടാറുണ്ടു്. എന്നാൽ ഈ ആണ്ടിൽ അധികസ്ഥലവും കൃഷിയായതുകൊണ്ടു വെള്ളത്തിന്റെ ഗതിക്കു തടസ്സം നേരിട്ടു മട വച്ചു തുടങ്ങി. ഉദ്ദേശം മൂന്നുലക്ഷപ്പറ നിലത്തിൽ പല അവസരങ്ങളിലായി മട വീണു. വലിയ നഷ്ടത്തോടുകൂടി വീണ്ടും ചിറ കെട്ടി കൃഷിയിറക്കി. ധനുമാസം പകുതിക്കു മുമ്പായതുകൊണ്ടു് വിളവിനു പിഴ വരികയില്ലെന്നു വിശ്വസിക്കുന്നു. ഇപ്പോൾ അതായതു് ധനു പകുതി- ഏഴായിരപ്പറയോളം വിതച്ചുകഴിഞ്ഞ നിലത്തിൽ മട വീണു. ഇനിയും അവിടെ കൃഷി ശരിയാകണമെങ്കിൽ മകരം പകുതിയാകും. മകരക്കാൽ ഉണ്ടായി വിളവു രണ്ടും മൂന്നും മേനിയേകിട്ടുകയുള്ളൂ. അതിനാൽ കൃഷിക്കാർ ഉപേക്ഷിച്ചു. അവിടെ വരമ്പു കെട്ടിച്ചു് വെള്ളം വറ്റിച്ചു വീണ്ടും കൃഷി തുടങ്ങുക എന്നുള്ളതു് സാദ്ധ്യമല്ല. ഈ മാസം [illegible] അതു് ഒരിക്കലും സാദ്ധ്യമല്ല. പുഴനിലമായിട്ടു് ഇട്ടതിനുശേഷം കൃഷി ചെയ്താൽ അടുത്ത വിളവിനു കൂടുതൽ വിളവെടുക്കാവുന്നതാണു്. ഇപ്പോഴത്തെ കൃഷിക്കു കൂടുതൽ ബുദ്ധിമുട്ടുണ്ടു്. അടുത്തയാണ്ടത്തെ കൃഷി കുറയുകയും ചെയ്യും. ഈ വിഷമങ്ങൾ പരിഹരിക്കത്തക്കവണ്ണം കർഷകർക്കു് ആശ്വാസപ്രദമായ നടപടികൾ നടത്തണമെന്നു് അധികാരികളെ അറിയിച്ചിട്ടും അവർ വഴിപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly